# വചനവിചിന്തനം ആഗസ്റ്റ് 9 ഞായർ, 2009

## വി മർക്കോസ് 7:13

തലമുറകളിലൂടെ കൈമാറിയ വിശുദ്ധമായ പാരമ്പര്യങ്ങളാണ് വിശ്വാസത്തിന്റെ ആധാരം; വിശ്വാസം ജീവിതബന്ധിയാകുന്നത് അനുദിനജീവിതത്തിൽ ദൈവസാന്നിദ്ധ്യം നിറയുമ്പോഴാണ്. ഉയിർക്കൊണ്ട വിശ്വാസം ജീവിതരംഗങ്ങളിൽപ്രശോഭിപ്പിച്ചു കൊണ്ട് വിശ്വാസി, ദൈവാനുഭവത്തോടും, ദൈവപ്രമാണത്തോടുമുള്ള തന്റെ വിധേയത്വം ഏറ്റുപറയുന്നു.

വി. മർക്കോസിന്റെ സുവിശേഷം 7-ാം അദ്ധ്യായം ഒന്നുമുതൽ പതിമൂന്നുവരെയുള്ള വാക്യങ്ങളിൽ, അശുദ്ധമായ കൈകളോടെ ഭക്ഷണത്തിനിരുന്ന ശിഷ്യന്മാരെ, അവർ അശുദ്ധരാണെന്ന് സ്ഥാപിക്കുവാൻ ഫരിസേയർ പരിശ്രമിക്കുന്നതും ഈശോ അവർക്കു നൽകുന്ന മറുപടിയുമാണ് പ്രതിപാദ്യം.ഫരിസേയരുടെ രൂക്ഷമായ ആരോപണം: “നിന്റെ ശിഷ്യന്മാർ പൂർവ്വീകരുടെ പാരമ്പര്യം ലംഘിക്കുന്നു”. യേശുവിന്റെ ശക്തമായ മറുപടി “ഹൃദയമില്ലാത്ത നിങ്ങളുടെ അനുഷ്ഠാനങ്ങൾ വ്യർത്ഥമാണ്. ജീവിതമില്ലാത്ത നിങ്ങളുടെ അധര ബഹുമാനം കപടതയാണ് ”.

### അനുഷ്ഠാനങ്ങളുടെ അർത്ഥമെന്ത്?

അനുഷ്ഠാനങ്ങൾക്ക് അർത്ഥം ലഭിക്കുന്നത് ആത്മദാനത്തിന്റെയും, ഹൃദയപരിശുദ്ധിയുടേതുമായ അർപ്പണത്തിലാണ്. ഈ അർപ്പണം വിശ്വാസിയുടെ ഹൃദയത്തെ ദൈവത്തിന്റെ മനസ്സോടു ചേർക്കുന്നു. വിശ്വാസത്തിന് രണ്ടുതലങ്ങളുണ്ട്: ആചാരവും, ആചരണവും. വിശ്വാസം പ്രകടിപ്പിക്കുമ്പോൾ അത് ആചാരമാവുന്നു; ആത്മസമർപ്പണമാകുമ്പോൾ വിശ്വാസജീവിതത്തിന്റെ ആചരണവും. ബാഹ്യമായ ആചരണങ്ങളല്ല മനുഷ്യഹൃദയത്തിന്റെ വെൺമ നിർണ്ണയിക്കുന്നത് മറിച്ച് ദൈവീക പ്രമാണങ്ങളോടുള്ള വിശ്വസ്തതയാണ്.

യഹൂദർ തങ്ങൾക്കുണ്ടായിരുന്ന വിശ്വാസപാരമ്പര്യങ്ങളുടെ തനതാത്മകത സൂക്ഷിക്കുന്നതിനുവേണ്ടി വിപ്രവാസകാലത്ത് രൂപം നല്കിയവയാണ് അവരുടെ ഭൂരിഭാഗം അനുഷ്ഠാനങ്ങളും. പിന്നീടത് മതാചരണത്തിന്റെ ഭാഗമായി മാറി. വിപ്രവാസം അന്യദേശത്തു വസിക്കലാണെങ്കിലും വിശ്വാസിയുടെ ഹൃദയം ദൈവസാന്നിദ്ധ്യത്തിന്റെ സ്പന്ദനങ്ങളിൽനിന്നും അകലുന്നില്ല കാരണം ഹൃദയത്തിൽ പേറുന്ന ദൈവസാന്നിദ്ധ്യത്തിന്റെ അനുസ്മരണത്തിന് ജീവിതസാഹചര്യം തടസമാവില്ല. അനുഷ്ഠാനങ്ങളിലൂടെ ദൈവസാന്നിദ്ധ്യസ്മരണ അവരിൽ നിലനിന്നു. എന്നാൽ കാലാന്തരത്തിൽ അനുഷ്ഠാനങ്ങളുടെ ആത്മാവ് നഷ്ടമായി. ആത്മാവ് നഷ്ടപ്പെട്ട അനുഷ്ഠാനങ്ങളെ കർത്താവ് വിമർശിക്കുന്നു.

വിശുദ്ധിയുടെ നൈർമ്മല്യം കൊണ്ട് അനുഗ്രഹീതമാവണം അർപ്പകന്റെ ബലിക്കല്ലും ഹൃദയവും: ഈശോ ആവശ്യപ്പെടുന്നതും അധരത്തേക്കാൾ ഹൃദയത്തിന്റെ അർച്ചനയാണ്(7:6). കല്ലിൽകൊത്തിയ നിയമങ്ങൾക്കല്ല,ഹൃദയത്തിൽ എഴുതപ്പെടുന്ന നിയമങ്ങൾക്കാണ് പ്രാധാന്യം. അതുകൊണ്ടാണ് മനുഷ്യ നിയമത്തേക്കാൾ ദൈവപ്രമാണങ്ങൾ വിലമതിക്കപ്പെടണമെന്ന് ഈശോ ആഗ്രഹിക്കുന്നത്. (7:7-13)

ബലിപീഠത്തെ സമീപിക്കുമ്പോൾ വഴിയരുകിൽ ''ആർത്തനായി കണ്ടവനെ'' ആർദ്രതയോടെ നോക്കുന്ന മിഴികളും ''സഹോദരനോട് രമ്യതപ്പെട്ട'' ഹൃദയവുമാണ് ദൈവം ആഗ്രഹിക്കുന്നത്. അവശനായിക്കണ്ടവന്റെ സ്വേതകണങ്ങൾ നിന്നെ അശുദ്ധനാക്കുന്നുവെന്ന് പാരമ്പര്യനിയമം അനുശാസിക്കുന്നുവെങ്കിൽ ഈശോ നല്കുന്ന മാതൃക സ്വരക്തം വിലയായ് നല്കി അപരനെ നേടുന്നതാണ് . മുറിവേറ്റവനെ ശുശ്രൂഷിക്കുന്നതും, നഷ്ടപ്പെട്ടതിനെ തേടി നടക്കുന്നതുമാണ് അവിടുന്ന് വിലമതിക്കുന്നത്.

കാലത്തിന്റെ അതിവേഗങ്ങളിൽ പാരമ്പര്യങ്ങളുടെ വിശദീകരണവും, അനുഷ്ഠാനങ്ങളും കാർക്കശ്യമായപ്പോൾ ഫരിസേയന്റെ ഹൃദയം ധാർഷ്ട്യത്തിന്റെ മൂടുപടമണിഞ്ഞു. അനുഷ്ഠാനങ്ങളുടെ ശബ്ദകോലാഹലങ്ങൾക്കിടയിൽ ദൈവസാന്നിദ്ധ്യത്തിന്റെ നിശബ്ദ സംഗീതം പലപ്പോഴും കേൾക്കാനാവാതെ അവർ അന്ധരായി മാറി.

ഹൃദയഫലകങ്ങളിൽ സ്നേഹത്തിന്റെ തൂവലുകളാൽ ചേർക്കപ്പെടേണ്ടത് സഹോദരന്റെ നൊമ്പരങ്ങളും, ജീവിതസാഹചര്യങ്ങളുമാണ്. കാരണം സ്വന്തം സഹോദരനിൽ ഈശ്വരചൈതന്യം ദർശിക്കാതെ എങ്ങനെ അരൂപിയായ ദൈവസാന്നിദ്ധ്യത്തെ ഉൾക്കൊള്ളാനാവും. നാം ആത്മശോധന ചെയ്യണം. കൗശലപൂർവ്വം ദൈവകല്പനകൾ അവഗണിക്കുന്നവരാണോ നമ്മൾ? മാതാപിതാക്കളോടുള്ള കടമകളുടെ മണ്ഡലത്തിൽ നമ്മുടെ നിലപാടെന്ത്? സാമൂഹ്യ പ്രവർത്തനങ്ങളിലും, ഒരുപക്ഷേ ഇടവക പ്രവർത്തനങ്ങളിലും താല്പര്യത്തോടെ മുഴുകുമ്പോൾ നമ്മുടെ കുടുംബത്തിന്റെ അവസ്ഥ എപ്രകാരമാണ്?

എന്റെ അയൽപക്കക്കാരോടുള്ള ബന്ധം എങ്ങനെ? ആർഭാടങ്ങൾക്കും ആഘോഷങ്ങൾക്കുമായി പണം ചെലവഴിക്കുവാൻ എനിക്ക് പലപ്പോഴും മടിയില്ല. പക്ഷേ..... സഹോദരന്റെ കണ്ണീരു തുടയ്ക്കുവാൻ...... വേദനിക്കുന്നവന് ആശ്വാസമാകുവാൻ, രോഗിക്ക് മരുന്നാകുവാൻ, സാമൂഹ്യവളർച്ചയ്ക്കുപകാരപ്പെടുവാൻ എന്റെ സമ്പാദ്യം പ്രയോജനപ്പെടുത്തുന്നുണ്ടോ? ദൈവത്തിന്റെ നിയമം വിട്ടുപേക്ഷിച്ച് മനുഷ്യന്റെ മുന്നിൽ ബഹുമാനം നേടുവാൻ, ആളാകുവാൻ വെമ്പൽകൊള്ളുന്ന ഒരു സമൂഹത്തിൽ എന്റെ നിലപാടെന്ത്? നന്മയായിട്ടുള്ളതെല്ലാം പഴഞ്ചനായും നന്മയുടെ ബാഹ്യാവരണമുള്ള ''തിന്മ '' മോഡേൺ ആയും പരിഗണിക്കപ്പെടുമ്പോൾ എന്റെ കുഞ്ഞുങ്ങൾക്ക് ഞാനെന്താണ് മാതൃകയായി കാണിച്ചുകൊടുക്കുന്നത്? എന്റെ ജീവിതമാണ് അവരുടെ മുമ്പിലെ വേദപാഠപുസ്തകം എന്നത് ഞാൻ മറക്കാറുണ്ടോ?

ജീവനിലേയ്ക്കുള്ള വഴി കൗശലത്തിന്റേതല്ല; കാപട്യത്തിന്റേതല്ല. ഹൃദയപരമാർത്ഥതയുടേതാണ്. ആത്മാർത്ഥതയാൽ നിറഞ്ഞ മിഴികളാൽ നമുക്ക് പ്രാർത്ഥിക്കാം ആദ്ധ്യാത്മികവും മാനുഷികവുമായ ബലികൾ യഥാർത്ഥ വിശ്വാസത്തോടെയർപ്പിക്കുവാൻ നിന്റെ അരൂപിയാൽ ഞങ്ങളെ ശക്തരാക്കണമെ.

**ഫാ. ജോൺ നെല്ലിക്കുന്നേൽ**